ച്ചുള്ള ബോണസ്സ് ഈ വ്യവസായത്തിൽ തീരുമാനിച്ചിട്ടില്ല. നിയമത്തെ കർക്കശമായി ആശ്രയിക്കേണ്ടിവരുന്ന ഒരു സമീപനം ഗവണ്മെൻറിൽനിന്നും സ്വീകരിക്കുന്നതു് ഇക്കാര്യത്തിൽ ശരിയല്ല. അതുകൊണ്ടാണു് കഴിഞ്ഞ മാസങ്ങൾക്കുമുമ്പു ഗവണ്മെൻറുണ്ടാക്കിയ കരാറിൽ ഗ്രാറ്റുവിറ്റി കംപ്രിഡഞ്ച്വ്മെൻറു് അവകാശം അംഗീകരിച്ചിട്ടുണ്ടു്. അതിനു് നിയമപരമായ നടപടികളും നടത്തേണ്ടതുണ്ടു്. ഇക്കാര്യത്തിൽ അടിയന്തിരമായ നടപടികളും ഉണ്ടാക്കാൻ ശ്രമിക്കേണ്ടതാണു്. അല്ലാതെ നിയമത്തിന്റെ ചട്ടക്കൂട്ടിൽ നിന്നുകൊണ്ടു് ഇക്കാര്യത്തിനു് പരിഹാരം ഉണ്ടാക്കാൻ ശ്രമിക്കരുതു്. ഈ വ്യവസായത്തിൽ നിലവിലുള്ള കീഴ്വഴക്കം അനുസരിച്ചു് ഒരു തീരുമാനം സത്വരമായിട്ടെടുക്കേണ്ടതാണു്. അതിനു് വേണ്ടി ബഹുമാനപ്പെട്ട തൊഴിൽമന്ത്രി മുൻകൈയെടുക്കണമെന്നു് അഭ്യർത്ഥിക്കുകയാണു്

ശ്രീ. മത്തായി മാഞ്ഞൂരാൻ : അതു തന്നെയാണു് ഞാൻ പറഞ്ഞതു്. ഗവണ്മെൻറു് ഇക്കാര്യത്തിൽ വീണ്ടും വീണ്ടും പരിശ്രമിക്കുന്നതാണു്. ഇതിലുള്ളതു് നിയമപരമായ ഒരു പ്രശ്നമാണു്. മുൻകാലങ്ങളിൽ എല്ലാ നടപടികളും എടുത്തിരുന്നുവോ അതെടുക്കാനുള്ള സമ്മർദ്ദം ചെലുത്തേണ്ടതു് നിയമപരമായ വ്യവസ്ഥകളും അനുസരിച്ചായിരിക്കണം. അതല്ല നിയമം മാറ്റിവച്ചു് ഇക്കാര്യത്തിൽ ഇടപെടണമെന്നുണ്ടെങ്കിൽ അതിനു് ഈ സഭയും ക്യാബിനറ്റും എന്നെ അധികാരപ്പെടുത്തേണ്ടതാണു്. എങ്കിൽ ഇക്കാര്യത്തിൽ ഞാൻ വേണ്ടതു് ചെയ്യാം.

മി. സ്പീക്കർ : ആത്മാർത്ഥമായ പരിശ്രമം ഗവണ്മെൻറുഭാഗത്തു നിന്നു് നടത്തി ഈ പ്രശ്നം പരിഹരിക്കുന്നതാണെന്നു് ഉറപ്പു നൽകിയതിന്റെ അടിസ്ഥാനത്തിൽ ഈ അടിയന്തിരപ്രമേയത്തിനു് ഞാൻ അനുമതി നൽകുന്നില്ല.

III CALLING ATTENTION UNDER RULE 61

(a) Explosion in the Quarry at Wadakkancherry

മി. സ്പീക്കർ : കഴിഞ്ഞദിവസം ശ്രീ. ശേഷൻ നൽകിയിട്ടുള്ള റൂൾ 61 അനുസരിച്ചു നോട്ടീസിനു് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി പറയാം.

റവന്യൂമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി): സർ, വടക്കാഞ്ചേരി കോട്ടറ എന്ന സ്ഥലത്തു് കരിങ്കല്ലു് മറിഞ്ഞുവീണു് മൂന്നുപേർ മരണപ്പെടുകയും ഒരാളിനു് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ടു്. വളരെ ഭാരമുള്ള വലിയ കരിങ്കല്ലാണു് ഇവരുടെ ദേഹത്തു് മറിഞ്ഞുവീണതു്. അതുകാരണം മറ്റാരെങ്കിലും വന്നു് പൊക്കി മാറ്റാതെ ഇവർക്കു് എഴുന്നേൽക്കുന്നതിനു് സാധിക്കാതെ പോയി. അതിന്റെ ഫലമായിട്ടാണു് മരണപ്പെട്ടതു്. കരിങ്കല്ലു് വീണതിനുശേഷം കുറേയാളുകളും വന്നു് കല്ലു പൊക്കിമാറ്റിയിട്ടാണു് ഇവരെ പുറത്തേക്കു് എടുത്തതു്. മരിച്ച ആളുകളുടെ ആളുകൾക്കു് തൽക്കാല ആവശ്യങ്ങൾക്കു് അവിടത്തെ തഹശീൽദാർക്കു് അനുവദിക്കാവുന്നതുകയായ അൻപതു രൂപ വീതം കൊടുത്തിട്ടുണ്ടു്. അക്കാര്യത്തെക്കുറിച്ചു് ഗവണ്മെൻറിലേക്കു് ഒരു റിപ്പോർട്ടും അയച്ചുതന്നിട്ടുണ്ടു്. മുറിവേറ്റവരെ ആശുപത്രിയിലാക്കിയിട്ടുണ്ടു്. ഇവർക്കെല്ലാം തന്നെ വർക്കുമെൻസു് കോമ്പൻസേഷൻ ആക്ടനുസരിച്ചു് എന്തെങ്കിലും സഹായങ്ങൾ ചെയ്തുകൊടുക്കാമോയെന്നു് ആലോചിച്ചുകൊണ്ടിരിക്കുകയാണു്. ഗവണ്മെൻറിൽനിന്നും ചെയ്തുകൊടുക്കാവുന്ന സഹായങ്ങൾ ചെയ്തുകൊടുക്കാവുന്നതാണു്.

ശ്രീ. എൻ. കെ. ശേഷൻ : അവർക്കു് ഗവണ്മെൻറിൽനിന്നും കൂടുതൽ സംഖ്യ കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനെപ്പറ്റി പരിഗണിക്കുമോ?

ശ്രീമതി കെ. ആർ. ഗൗരി : അതിനെപ്പറ്റിയാണു് പരിശോധിച്ചുകൊണ്ടിരിക്കുന്നതു്. ഇക്കാര്യത്തിൽ വർക്കുമെൻസു് കോമ്പൻസേഷൻ ആക്ട പ്രകാരം എന്തെ

LIBRARY ARCHIVES Kerala Legislative Assembly

ങ്കിലും സഹായം ചെയ്യുകൊടുക്കാമോ അതോ മറേറതെങ്കിലും വിധത്തിൽ സഹായം ചെയ്യുകൊടുക്കാമോ എന്നുള്ളതിനെപ്പററി പരിശോധിച്ചുകൊണ്ടിരിക്കുകയാണു്.

(b) Eviction of Settlers from the catchment area of the Perinchankutti Scheme

മി. സ്പീക്കർ: പെരിഞ്ചാങ്കുട്ടി ഹൈഡ്രോ ഇലക്ട്രിക് സ്കീമിന്റെ ക്യാച്ച്മെന്റ് ഏരിയായിൽനിന്നും നാലായിരത്തോളം കുടുംബങ്ങളെ ഒഴിപ്പിക്കാൻ പോകുന്നതുമൂലം ഉളവാകുന്ന ഗുരുതരാവസ്ഥ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനു വേണ്ടി ശ്രീ. കെ. എം. മാണി റൂം 61 അനുസരിച്ചു് ഒരു നോട്ടീസ് നൽകിയിട്ടുണ്ടു്. ശ്രീ. കെ. എം. മാണിക്കു് അതേപ്പററി സംസാരിക്കാം.

ശ്രീ. കെ. എം. മാണി: സർ, മലയോര കർഷകരെ അഭിമുഖീകരിക്കുന്ന അതി പ്രധാനമായ ഒരു കാര്യത്തിലേക്കു് ഞാൻ ഗവണ്മെന്റിന്റെ ശ്രദ്ധയെ ക്ഷണിക്കുകയാണു്. പെരിഞ്ചാങ്കുട്ടി ഹൈഡ്രോ ഇലക്ട്രിക് സ്കീമിന്റെ ക്യാച്ച്മെന്റ് ഏരിയായിൽ താമസിക്കുന്ന നാലായിരത്തോളം കുടുംബക്കാരെ അവിടെനിന്നും കുടിയൊഴിപ്പിക്കാൻ പോകുന്നുവെന്നുള്ള സംഭ്രമജനകമായ വാർത്ത പരന്നിരിക്കുകയാണു്. പാർലമെന്ററി സബ്കമ്മിറ്റിയുടേയും മണിയങ്ങാടൻ കമ്മിറ്റിയുടേയും റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ 1-1-1968-നു് മുമ്പു് മലയോരപ്രദേശങ്ങളിൽ കുടിയേറി പാർത്ത ആളുകളെ കുടിയൊഴിപ്പിക്കുമ്പോൾ അവർക്കു് പകരം ഭൂമിയും മററാനുകൂല്യങ്ങളും നൽകണമെന്നു് വ്യവസ്ഥയുണ്ടു്. പെരിഞ്ചാങ്കുട്ടി ഹൈഡ്രോ ഇലക്ട്രിക് സ്കീമിന്റെ ക്യാച്ച്മെന്റ് ഏരിയായിൽ, 1-1-1968 നു് മുമ്പു് 1600 കുടുംബങ്ങൾ മാത്രമേ കുടിയേറി പാർത്തിട്ടുള്ളുവെന്നാണു് ഗവണ്മെന്റിന്റെ കണക്കുകളിൽനിന്നു് കാണുന്നതു്. എന്നാൽ ആ കണക്കു് ശരിയല്ല. 1-1-1968-നു് മുമ്പു് യഥാർത്ഥത്തിൽ 4000 കുടുംബങ്ങൾ അവിടെ കുടിയേറിപാർത്തിട്ടുണ്ടു്. സക്കാരിന്റെ കണക്കനുസരിച്ചു് 1600 കുടുംബങ്ങൾ മാത്രമേയുള്ളുവെങ്കിൽ അതിന്റെ ഫലമായി 2400 കുടുംബങ്ങൾക്കു ഒരിഞ്ചുഭൂമിയോ ഒരു നയാപൈസയുടെ ആനുകൂല്യമോ കിട്ടാതെ വഴിയാധാരമാകാൻ പോകുകയാണു്. ഇക്കാര്യത്തിൽ ഗവണ്മെന്റിന്റെ സത്വരമായ ശ്രദ്ധ പതിയേണ്ടതാണു്. അവിടെ താമസിക്കുന്നവരും കുടിയൊഴിപ്പിക്കാൻ പോകുന്നതുമായ കുടുംബങ്ങൾക്കു് എത്രയും വേഗം ന്യായമായി ലഭിക്കേണ്ട ആനുകൂല്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിനു് ശ്രമിക്കേണ്ടതാണു്. അതു ചെയ്തില്ലെങ്കിൽ ആ പ്രദേശത്തുള്ള ജനങ്ങൾ എന്തിനും തയ്യാറാകുമെന്നുള്ളതിനു് യാതൊരു സംശയവുമില്ല. കാരണം അവിടെ എപ്പോൾ വേണമെങ്കിലും പൊട്ടിത്തെറിക്കാവുന്ന ഒരു അഗ്നി പർവതത്തിന്റെ പ്രതീതി ഉളവായിരിക്കുകയാണു്. കഴിഞ്ഞ പത്തുപതിനഞ്ചു് വർഷങ്ങളായി അവിടെയുള്ള മലയോര കർഷകർ വന്യമൃഗങ്ങളോടു പടവെട്ടിയും വളരെയധികം ക്ലേശങ്ങൾ അനുഭവിച്ചും വനങ്ങൾ വെട്ടിത്തെളിച്ചു് വളരെ വിലയേറിയ മോണ്ടങ്ങൾ വെച്ചുപിടിപ്പിച്ചിരിക്കുകയാണു്. അതിനു യാതൊരു ആനുകൂല്യങ്ങളും കൊടുക്കാതെ വഴിയാധാരമാക്കുകയാണെങ്കിൽ ഈ ഗവണ്മെന്റു അവരോടു ചെയ്യുന്ന വലിയ ഒരു അനീതിയായിരിക്കും. ഗവണ്മെന്റിന്റെ കണക്കിൽ പെടാതെയുള്ള 2400 കുടുംബങ്ങൾക്കുകൂടി ആനുകൂല്യം ലഭിക്കത്തക്കവിധം നടപടികൾ സ്വീകരിക്കണമെന്ന മാത്രമാണു് എനിക്കു് ഈ സാഹചര്യത്തിൽഅഭ്യർത്ഥിക്കുവാനുള്ളതു്.

റവന്യുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി): ഇക്കാര്യത്തെപ്പററി അന്വേഷിച്ചതിനുശേഷം മറുപടി പറയാവുന്നതാണു്.

ശ്രീ. ഇ. അഹമ്മദ്: ഈ സഭയിൽ ഉന്നയിച്ച പ്രധാന ചോദ്യങ്ങൾക്കു് ഇതുവരെ ഉത്തരം നൽകിയിട്ടില്ല. ചില ചോദ്യങ്ങൾക്കു് ഉത്തരം ശേഖരിക്കാൻ പ്രയാസമുണ്ടാകും. എന്നാൽ വളരെ പ്രധാനപ്പെട്ട ചോദ്യങ്ങൾക്കുപോലും ഇതുവരെ ഉത്തരം നൽകിയിട്ടില്ല. ഉദാഹരണത്തിനു് 6-ാം തീയതിയുള്ള എന്റെ ഒരു ചോദ്യത്തിനു്

LIBRARY ARCHIVES Kerala Legislative Assembly